ഫാറം-IV

[2021- ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 19 (2) കാണുക]

## കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ

2016- ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ (2016- ലെ 9) 36-)ം വകുപ്പിന്റെ 4- )ം ഉപവകുപ്പ് പ്രകാരം കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ്

താഴെ പറയുന്ന അതിരുകളോട് കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിന്റെ കരട് മാസ്റ്റർ പ്ലാൻ കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ പരിഷ്കരണങ്ങളോട് കൂടി സ്വീകരിച്ചത്, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ ഔദ്യോഗിക വെബ് സൈറ്റായ https://kannurcorporation.lsgkerala.gov.in/ ൽ 2016 – ലെ കേരള നഗരസഭ-ഗ്രാമാസൂത്രണ ആക്ടിന്റെ (2016-ലെ) 36 ആം വകുപ്പ് (4)-ആം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് – അഴീക്കോട്, ചിറക്കൽ, നാറാത്ത്, കൊളച്ചേരി ഗ്രാമപഞ്ചായത്തുകൾ

കിഴക്ക്- മുണ്ടേരി, ചെമ്പിലോട്, കടമ്പൂർ ഗ്രാമപഞ്ചായത്തുകൾ

തെക്ക്- കടമ്പൂർ, മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തുകൾ

പടിഞ്ഞാറ്- ലക്ഷദ്വീപ് കടൽ, കന്റോൺമെന്റ് പ്രദേശം

**കരട് മാസ്റ്റർ പ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദനഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ**

(എ) അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ.

ഇല്ല

(ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ

1. DTP സ്കീം ഫോർ താവക്കര നോർത്ത്, കണ്ണൂർ
2. DTP സ്കീം ഫോർ താവക്കര സൗത്ത്, കണ്ണൂർ

(സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാൻ ഉദ്ദേശിക്കുന്ന വിശദനഗരാസൂത്രണ പദ്ധതികൾ

ഇല്ല

(ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ

1. DTP സ്കീം ഫോർ താവക്കര നോർത്ത്, കണ്ണൂർ

2. DTP സ്കീം ഫോർ താവക്കര സൗത്ത്, കണ്ണൂർ

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) 62 -)o വകുപ്പിന്റെ 5- )o ഉപവകുപ്പ് പ്രകാരം ഒരു പ്രദേശത്ത് പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനും പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതിയും നിലവിലുള്ള സംഗതിയിൽ, പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതിയിലെ വ്യവസ്ഥകൾ പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനിലെ വ്യവസ്ഥകൾക്ക് മേൽ നിലനിൽക്കുന്നതാണ്.

കരട് മാസ്റ്റർ പ്ലാനിന്റെ പകർപ്പ് പ്രവൃത്തി സമയത്ത് പൊതുജനങ്ങൾക്ക് പരിശോധനയ്ക്കായി കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസിലും ലഭ്യമാണ്.

പ്ലാനിൽ താൽപര്യമുള്ള ഏതൊരാൾക്കും ഇതു സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ വന്ന തീയതി മുതൽ അറുപത് ദിവസത്തിനകം കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിക്ക് രേഖാമൂലം എഴുതി നൽകാവുന്നതാണ്.

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9)-ന്റെ 61, 62 വകുപ്പുകൾ പ്രകാരം ബാധകമാകുന്ന നിയന്ത്രണങ്ങൾക്കനുസൃതമല്ലാതെ യാതൊരാളും ഏതെങ്കിലും ഭൂമി വിനിയോഗിക്കുകയോ വിനിയോഗിക്കുവാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂവികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

സെക്രട്ടറി

VINU. C. KUNJAPPAN BA, LLM
Corporation Secretary
Kannur Municipal Corporation

മേയർ

മേയർ
കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ
കണ്ണൂർ

സ്ഥലം: കണ്ണൂർ

തിയതി: 22/3/2023

MUNICIPAL CORPORATION OF KANNUR